# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.420

20.10.2016-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിൽ വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീ.എ. പ്രദീപ്കുമാർ**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**ശ്രീ.എം. മുകേഷ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഏതെല്ലാം പ്രവർത്തന മേഖലകളിലാണ് വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) രജിസ്ട്രേഷൻ വകുപ്പിൽ ചുവടെ വിവരിക്കുന്ന മേഖലകളിൽ വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഭരണ നിർവഹണം പ്രവർത്തനക്ഷമമാണ്.<br>1. ആധാര രജിസ്ട്രേഷൻ<br>2. ബാധ്യതാ സർട്ടിഫിക്കറ്റുകൾ<br>3. ആധാരപ്പകർപ്പുകൾ<br>4. വിവാഹ രജിസ്ട്രേഷൻ<br>5. സൊസൈറ്റി രജിസ്ട്രേഷൻ<br>6. ചിട്ടി രജിസ്ട്രേഷൻ<br>7. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ<br>8. ഭരണപരമായ ഫയലുകളുടെ നടപടികൾ<br>9. ജീവനക്കാരുടെ ശമ്പളവും മറ്റ് ട്രഷറി ഇടപാടുകളും<br>10. നികുതികൾ ഇൻറർനെറ്റ് ബാങ്കിംഗ് മുഖാന്തിരം ഒടുക്കുന്നതിനുള്ള സൗകര്യം<br>11. ടെണ്ടർ നടപടികൾ<br>മേൽ വിവരിച്ച മേഖലകളിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മേഖലകളിൽ വിവരസാങ്കേതികവിദ്യ വ്യാപിപ്പിക്കുന്നതിനോടൊപ്പം ചുവടെ വിവരിക്കുന്ന മേഖലകളിൽ വിവരസാങ്കേതികവിദ്യ പുതുതായി പ്രയോജനപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.<br>1. ഇ-സ്റ്റാമ്പിംഗ്<br>2. രജിസ്ട്രേഷൻ ഫീ ഇൻറർനെറ്റ് മുഖാന്തിരം ഒടുക്കുന്നതിനുള്ള സൗകര്യം.<br>3. രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള വിരൽപ്പതിപ്പും ഫോട്ടോയും കമ്പ്യൂട്ടർ മുഖാന്തിരം എടുക്കുന്നത്. |

4. ഏത് ആധാരവും അതാത് ജില്ലയിലെവിടെയും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.
5. സബ് രജിസ്ട്രാർ ഓഫീസിൽ പോകാതെ തന്നെ ആധാരപ്പകർപ്പുകൾ ലഭിക്കുന്നതിനുള്ള സൗകര്യം.
6. നിലവിലെ രജിസ്ട്രേഷൻ സോഫ്റ്റ് വെയർ ഉപയോഗിച്ച് ആധാരങ്ങൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം.
7. രജിസ്ട്രേഷൻ വിവരങ്ങൾക്ക് ഡിസാസ്റ്റർ റിക്കവറി സംവിധാനം ഏർപ്പെടുത്തുന്നത്

ബി) സംസ്ഥാനത്ത് എല്ലാ രജിസ്ട്രേഷൻ ഓഫീസുകളിലും കുടിക്കട സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഒറ്റ ദിവസം കൊണ്ട് ലഭിയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ;

ബി) അപേക്ഷിക്കുന്നതിന്റെ തലേ ദിവസം വരെയുള്ള ഒരു വർഷക്കാലയളവിലുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഒറ്റ ദിവസം കൊണ്ട് ലഭ്യമാക്കുവാൻ സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ സർട്ടിഫിക്കറ്റുകളുടെ ബാഹുല്യം കൂടുതലുള്ള ഓഫീസുകളിൽ ഈ സമയ പരിധി പാലിക്കുവാൻ കഴിയുന്നില്ല.

സി) ഭൂരേഖ ലഭിച്ചു കഴിഞ്ഞാൽ ആധാരമെഴുത്തുകാരുടെ സഹായ ത്തോടെ ആധാരം തയ്യാറാക്കി ഓൺലൈനായി സബ് രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കുന്നതിനായി എൻ.ഐ.സി വികസിപ്പിച്ച റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സോഫ്റ്റ് വെയറിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സി) റവന്യൂ ലാൻറ് ഇൻഫർമേഷൻ സിസ്റ്റം (ReLis) രജിസ്ട്രേഷൻ വകുപ്പിൽ നിലവിലില്ല.

**സെക്ഷൻ ഓഫീസർ**